**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ നിർദേശിച്ച എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ സി സി യുടെ നേവൽ ട്രെയിനിങ് സെൻറർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിച്ച 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലവിലുണ്ട്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തി തർക്കം പരിഹരിച്ചതിനു ശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിയ്ക്കാൻ സാധിക്കുകയുള്ളൂ. അതിർത്തി തർക്കം പരിഹരിയ്ക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധന നടത്തിയിരുന്നു. പ്രശ്നം പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി തുടർന്ന് വരുന്നു.<br><br>നിർദ്ദിഷ്ട സെന്ററിന്റെ രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ PWD യ്ക്ക് കൈമാറിയിട്ടുമുണ്ട്. |
| (ബി) | ഈ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ അടിയന്തിരമായി പരിഹരിച്ച് പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ സി സി യുടെ നേവൽ ട്രെയിനിങ് സെൻറർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിച്ച 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലവിലുണ്ട്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തി തർക്കം പരിഹരിച്ചതിനു ശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിയ്ക്കാൻ സാധിക്കുകയുള്ളൂ. അതിർത്തി തർക്കം പരിഹരിയ്ക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധന നടത്തിയിരുന്നു. പ്രശ്നം പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി തുടർന്ന് വരുന്നു. |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട സെന്ററിന്റെ രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ PWD യ്ക്ക് കൈമാറിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ